(സി) മുകളിൽ പറഞ്ഞ അസൗകര്യങ്ങൾ ആ പ്രദേശത്തെ ക്രമസമാധാന പാലനത്തെ ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടെലിഫോൺ, വാഹനം എന്നിവയില്ലാത്ത പോലീസ് സ്റ്റേഷനുകളിൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 414 പോലീസ് സ്റ്റേഷനുകൾ ഉണ്ട്.

(ബി) പത്തനംതിട്ട ജില്ലയിലെ പോലീസ് സ്റ്റേഷനിൽ ടെലിഫോൺ സൗകര്യം ഇല്ല.

തിരുവനന്തപുരം ജില്ലയിലെ പൊൻമുടി, വെള്ളറട, പത്തനംതിട്ട ജില്ലയിലെ ഗവി, മൂഴിയാർ, ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, വെൺമണി, രാമങ്കരി പുളിങ്കുന്ന്, നെടുമുടി, കോട്ടയം ജില്ലയിലെ കുമരകം, തിടനാട്, കാഞ്ഞിരപ്പള്ളി, എറണാകുളം ജില്ലയിലെ മുളവുകാട്, പാലക്കാട് ജില്ലയിലെ പറമ്പിക്കുളം, വയനാട് ജില്ലയിലെ വൈത്തിരി എന്നീ പോലീസ് സ്റ്റേഷനുകളിൽ വാഹനം ഇല്ല.

(സി) ക്രമസമാധാനപാലനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നടപടി എടുക്കുന്നതാണ്.

78 (1438) സർക്കിൾ ഇൻസ്പെക്ടർ ആഫീസ് കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴുവർഷം മുൻപ് വർക്കലയിൽ നിർമ്മാണം പൂർത്തിയാക്കിയ സർക്കിൾ ഇൻസ്പെക്ടർ ആഫീസ് കെട്ടിടം ഇതേവരെ തുറന്നു പ്രവർത്തിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വർക്കലയിൽ പുതിയതായി നിർമ്മാണം പൂർത്തിയാക്കിയത് പോലീസ് സ്റ്റേഷൻ കെട്ടിടമാണ്. പ്രസ്തുത കെട്ടിടം തുറന്നു പ്രവർത്തിച്ചിട്ടില്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) കെട്ടിടം തുറന്നു പ്രവർത്തിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly